**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും.**

സർക്കുലർ നമ്പർ. 199

*നമ്മുടെ അധികാരത്തിൽപ്പെട്ട സകലപള്ളികളുടെയും ,വികാരിമാരും ദേശത്തു പട്ടക്കാരും,പള്ളി കൈക്കാരും ശേഷം ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഈ വർഷം സെപ്റ്റംബർ 7 - ാം തീയതി ഞായറാഴ്ച വിദ്യാഭ്യാസദിനമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനുമുള്ള ദിവസം.

കേരളത്തിലും കേരളത്തിന് വെളിയിലുമായി മാർത്തോമ്മാ സഭയ്ക്ക് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിൽ 114 പ്രൈമറി സ്കൂളുകളും, 15 അപ്പർ പ്രൈമറി സ്കൂളുകളും 15 ഹൈസ്കൂളുകളും 6 ഹയർസെക്കന്ററി സ്കൂളുകളും ഒരു ടി.ടി.ഐയും ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളും ഉൾപ്പെടെ 145 സ്കൂളുകൾ ഉണ്ട്. നമ്മുടെ മിക്ക സ്കൂളുകളും ഉന്നത നിലവാരം പുലർത്തുന്നു. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ നമ്മുടെ നാല് സ്കൂളുകൾ 100%വിജയം നേടി. +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കി.

സ്കൂൾ കുട്ടികൾക്കായി ക്രമീകരിക്കുന്ന ക്യാമ്പുകൾ വ്യക്തിത്വ വികസനത്തിനും വേദപഠന ക്ലാസ്സുകൾ ആദ്ധ്യാത്മീക വളർച്ചയ്ക്കും സഹായിക്കുന്നു.അദ്ധ്യാപകർക്കായുള്ള സമ്മേളനങ്ങൾ അവരെ കർമ്മോത്സുകരാക്കുന്നു. ഭദ്രാസന അധിപൻമാരുടെ ചുമതലയിൽ നടത്തപ്പെടുന്ന 'മിഷൻ ടൂ സ്കൂൾ' പ്രോഗ്രാമും കൗൺസലിംഗ് ടീമിന്റെ സന്ദർശനവും കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയോജനകരമാണ്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം വഴി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും സാധിച്ചു. പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠനത്തിന് പ്രത്യേകം ശ്രദ്ധിച്ചു. ഈ വക പരിപാടികൾ തുടർന്നും നടത്തേണ്ടിയിരിക്കുന്നു. സ്കൂളുകളുടെ വികസനത്തിന് അതാത് സ്ഥലങ്ങളിലെ ഇടവകകൾ ശ്രദ്ധിക്കണം. കഴിവുള്ള ഇടവകകൾ സ്കൂളുകൾ ദത്തെടുത്ത് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ സർവ്വാത്മനാ സഹകരിക്കണം. ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള ക്വാളിറ്റി ഇംപ്രൂവ്മെന്റ് പരിപാടികൾ നടപ്പാക്കുന്നതിന് സഭാംഗങ്ങളുടെ ആത്മാർത്ഥമായ സംഭാവനയല്ലാതെ മറ്റ് ധനാഗമന മാർഗ്ഗങ്ങളില്ല.

ഈ വർഷം ക്വാളിറ്റി ഇംപ്രൂവ്മെന്റ് പദ്ധതികൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി 50 ലക്ഷം രൂപ ആവശ്യമുണ്ട്. ഇതിൽ ഒരു ഭാഗം വിദ്യാഭ്യാസദിന സ്തോത്രകാഴ്ചയായി ലഭിക്കണം. കഴിഞ്ഞ വർഷം ഈ ഇനത്തിൽ 16,89,291/- രൂപ ലഭിച്ചു. സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. ഈ വർഷം 22,00,000 രൂപയാണ് പ്രതീക്ഷിക്കുന്നത്. ഉദാരമായ സംഭാവനകൾ അടക്കം ചെയ്ത സ്തോത്രകാഴ്ച പൂർണ്ണമായി (കവറിൽ ലഭിക്കുന്നതും, അല്ലാത്തതും) കഴിവതും വേഗം സഭാ ആഫീസിലോ, **എം. റ്റി. & ഇ. എ സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ ആഫീസിലോ** അടയ്ക്കണം. അന്നത്തെ ധ്യാനചിന്തകൾക്ക് വിദ്യാഭ്യാസ വിഷയങ്ങൾ തെരഞ്ഞെടുക്കുകയും അദ്ധ്യാപകർക്കും,വിദ്യാർത്ഥികൾക്കും ശുശ്രൂഷയിൽ പങ്കാളിത്തം കൊടുക്കുകയും വേണം.

പ്രിയരേ നമ്മുടെ സഭയുടെ ആകമാനമായ വളർച്ചയുടെ അടിത്തറ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണെന്നറിയാമല്ലോ. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിൽ പ്രവർത്തിക്കുന്നവരെയും ഓർത്ത് പ്രാർത്ഥിക്കണമെന്ന് നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. സഭയായി നാം ചെയ്യുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളെ എല്ലാം കർത്താവ് അനുഗ്രഹിക്കുകയും സഹായിക്കുകയും ചെയ്യട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ജൂലൈ 30 - ാം തീയതി

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**